30.12.2023

SATURDAY ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 30/12/2023

1. കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്ന ആരോഗ്യ ഇൻഷുറൻസ് പദ്ധതിയായ ക്ഷീരസാന്ത്വനം ഇൻഷുറൻസ് എൻറോൾമെന്റ് ആരംഭിച്ചു. ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗങ്ങളായ 80 വയസ് വരെയുള്ള ക്ഷീരകർഷകർക്ക് സബ്സിഡിയോടു കൂടി പദ്ധതിയിൽ പങ്കാളികളാകാം. ആദ്യം ചേരുന്ന 22,000 ക്ഷേമനിധി അംഗങ്ങൾക്ക് മാത്രമെ സബ്സിഡി ലഭിക്കുകയുള്ളു. അവസാന തീയതി ഈ മാസം 31. വിശദ വിവരങ്ങൾക്ക് ക്ഷീരവികസന ഓഫിസുകളുമായോ ക്ഷീരസഹകരണ സംഘങ്ങളുമായോ ബന്ധപ്പെടുക.

2. കുട്ടനാട്ടിലെ പുഞ്ച കൃഷി ആരംഭിച്ച പാടശേഖരങ്ങളിൽ നെല്ലിനെ ആക്രമിക്കുന്ന ചിത്രകീടത്തിന്റെ സാന്നിധ്യം മങ്കൊമ്പ് സംസ്ഥാന കീട നിരീക്ഷണ കേന്ദ്രത്തിന്റെ ഫീൽഡ് തല നിരീക്ഷണത്തിൽ കണ്ടെത്തി. ഈച്ച വർഗ്ഗത്തിൽപ്പെട്ട ഈ കീടം വിതച്ച് ആദ്യ 25 ദിവസത്തിനുള്ളിലാണ് നെൽകൃഷിയെ ആക്രമിക്കുന്നത്. ഇലപ്പരപ്പിൽ മുട്ടകൾ ഇടുന്ന ഇവയുടെ പുഴുക്കൾ ഇലക്കകത്തിരുന്ന് ഹരിതകം കാർന്ന് തിന്നുന്നു. ചെടിയുടെ ആദ്യ വളർച്ച ഘട്ടത്തിൽ ഈ കീടം ആക്രമിക്കുന്നതിനാൽ ചെടികൾ ഉരുകിപ്പോകുന്ന അവസ്ഥ ഉണ്ടാകാം. കീടബാധ ഒഴിവാക്കുവാനുള്ള പ്രധാന മാർഗ്ഗം ആറുമണിക്കൂർ തുടർച്ചയായി നെൽച്ചെടികൾ പൂർണ്ണമായി മുക്കിയിടുക എന്നതാണ്. അങ്ങനെ സാധിക്കാത്ത സ്ഥലങ്ങളിൽ മാത്രമേ രാസ കീടനാശിനി പ്രയോഗം ആവശ്യമായിട്ടുള്ളൂ. രാസകീടനാശിനി പ്രയോഗത്തിന് മുൻപ് മങ്കൊമ്പ് സംസ്ഥാന കീടനിരീക്ഷണ കേന്ദ്രവുമായോ **9567819958** എന്ന നമ്പരിലോ ബന്ധപ്പെടുക.

3. കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡിൽ പെൻഷൻ ലഭിക്കാൻ അർഹത ഉള്ളവർക്ക് 2024 ജനുവരി 1 മുതൽ മാർച്ച് 31 വരെ ഓൺലൈനായി അപേക്ഷ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക് ക്ഷീരവികസന യൂണിറ്റുമായോ, ജില്ലാ ഗുണനിയന്ത്രണ ഓഫീസറുടെ കാര്യാലയമായോ ബന്ധപ്പെടുക.

4. കൊല്ലം ചിന്നക്കടയിൽ കാഷ്യൂ കോർപ്പറേഷൻ ഒരുക്കിയിട്ടുള്ള മൂല്യവർധിത ഉത്പന്നപ്രദർശന വിപണന മേള ക്രിസ്തുമസ്, ന്യൂ ഇയർ പ്രമാണിച്ച് ഡിസംബർ 31 വരെ തുടരും. കശുവണ്ടിപ്പരിപ്പിനും മൂല്യവർധിത ഉത്പന്നങ്ങൾക്കും 30 ശതമാനം ഡിസ്കൗണ്ട് ലഭിക്കും. അത്യുത്പാദനശേഷിയുള്ള കശുമാവ് തൈകളും ലഭിക്കുന്നതാണ്.

## പരിശീലന പരിപാടി

5. തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിൽ വച്ച് 2024 ജനുവരി മാസം 09, 10 തീയതികളിൽ പന്നി വളർത്തലിൽ പരിശീലനം നടത്തുന്നു. താൽപര്യമുള്ള കർഷകർ **04829 234323** എന്ന ഫോൺ നമ്പറിൽ ഓഫീസ് സമയത്ത് വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

6. ആലത്തൂർ വാനൂരിലുള്ള ക്ഷീര പരിശീലന കേന്ദ്രത്തിൽ പാലക്കാട്, തൃശൂർ ജില്ലകളിലെ താത്പര്യമുള്ളവർക്കായി ശാസ്ത്രീയ പശുപരിപാലനം, ക്ഷീരോത്പന്ന നിർമാണം എന്നീ വിഷയങ്ങളിൽ പരിശീലനം നൽകുന്നു. ജനുവരി മൂന്ന് മുതൽ എട്ട് വരെ നടക്കുന്ന ശാസ്ത്രീയ പശു പരിപാലനത്തിൽ ക്ഷീരകർഷകർക്കും ജനുവരി 11 മുതൽ 23 വരെ നടക്കുന്ന ക്ഷീരോത്പന്ന നിർമാണ പരിശീലനത്തിൽ ക്ഷീരകർഷകർ, കുടുംബശ്രീ അംഗങ്ങൾ, സംരംഭകർ എന്നിവർക്കും പങ്കെടുക്കാം. ശാസ്ത്രീയ പശു പരിപാലനത്തിന് **ഡിസംബർ 30** ന് വൈകിട്ട് മൂന്ന് വരെയും ക്ഷീരോത്പന്ന നിർമാണത്തിന് **ജനുവരി എട്ടിന്**

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

വൈകിട്ട് മൂന്ന് വരെയും രജിസ്റ്റർ ചെയ്യാം. യഥാക്രമം 20 രൂപ, 135 രൂപ എന്നിങ്ങനെയാണ് പ്രവേശന ഫീസ്. പശു പരിപാലനം പരിശീലനത്തിൽ പങ്കെടുക്കുന്നവർ ആധാർ/തിരിച്ചറിയൽ കാർഡിന്റെ പകർപ്പും ബാങ്ക് പാസ്ബുക്കിന്റെ പകർപ്പും ക്ഷീരോത്പന്ന നിർമാണത്തിൽ പങ്കെടുക്കുന്നവർ ആധാർ/തിരിച്ചറിയൽ കാർഡിന്റെ പകർപ്പും കൈവശം കരുതണം. dddtcpkd.dairy@kerala.gov.in, dtcalathur@gmail.com ലോ **9446972314, 9496839675, 9544554288, 04922226040** ലോ രജിസ്റ്റർ ചെയ്യണമെന്ന് പ്രിൻസിപ്പാൾ അറിയിച്ചു.

7. റബ്ബർബോർഡ് 2024 ജനുവരി 05-ന് റബ്ബർനടീലിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. രാവിലെ 10.30 മണി മുതൽ 12.30 മണി വരെയാണ് പരിശീലനം. പരിശീലനമാധ്യമം മലയാളം ആയിരിക്കും. റബ്ബർനടീൽ, പരിപാലനം എന്നിവ ഉൾപ്പെടുന്നതാണ് പരിശീലനപരിപാടി. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **9447710405** എന്ന ഫോൺ നമ്പരിലോ **04812351313** എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടേണ്ടതാണ്. ഇമെയിൽ: training@rubberboard.org.in

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം